## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3416 — 14.10.2011-ൽ മറുപടിയ്ക്ക്

### തേക്ക് പ്ലാന്റേഷനുകൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ | **ശ്രീ. കെ.ബി. ഗണേഷ്കുമാർ**<br>(വനവും സ്പോർട് സും സിനിമയും വകുപ്പുമന്ത്രി) |
| (എ) തേക്ക് കൂപ്പ് വെട്ടും പ്ലാന്റേഷനിലെ ഇടവെട്ടും നിലച്ചത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ചില ഡിവിഷനുകളിലെ മരം മുറി നടത്തുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പ്രശ്നപരിഹാരത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) വർക്കിംഗ് പ്ലാനും മാനേജ്മെന്റ് പ്ലാനും നിലവിലില്ലാത്ത ഡിവിഷനുകളിൽ അവ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതി തേടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ പ്രശ്നങ്ങൾ ലേബർ വകുപ്പിലെ ഉദ്യോഗസ്ഥരും ട്രേഡ് യൂണിയനുകളുടെ പ്രതിനിധികളുമായി ചർച്ച നടത്തി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) കൂലിയും മറ്റ് ആനുകൂല്യങ്ങളും കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും പൊതു വിപണിയിൽ തേക്കുംതടി എത്തിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? | (സി) തോട്ടങ്ങളിൽ നിന്നും മുറിച്ച് ശേഖരിക്കുന്ന തടികൾ യഥാസമയം തന്നെ സർക്കാർ ഡിപ്പോകളിലെത്തിച്ച് പൊതു ലേലത്തിൽ വിറ്റഴിക്കുന്നുണ്ട്. 26.04.2011-ലെ സർക്കാർ ഉത്തരവ് (എം.എസ്)58/2011/Labour പ്രകാരം ഫോറസ്റ്റ് ജോലികൾക്കുള്ള കൂലിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**